വൈദ്യുതി നയം

10 (*40) ശ്രീ. എ. കെ. മണി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ .കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റിന്റെ വൈദ്യുതി നയം എന്നു മുതൽ ആണ് കെ.എസ്.ഇ.ബി.യിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) എത്രശതമാനം ലാഭവിഹിതം ഉണ്ടാക്കണമെന്നാണ് വൈദ്യുതി നയത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ളത് ;

(സി) വൈദ്യുതി നയം നടപ്പാക്കുമ്പോൾ വൈദ്യുതി നിരക്ക് ഉയർത്തേണ്ടതായി വരുമോ ;

(ഡി) ഇല്ലെങ്കിൽ ഉയർന്ന ലാഭ വിഹിതം ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗമെന്തെന്ന് പറയുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാന ഗവൺമെന്റിന്റെ വൈദ്യുതി നയം 14-6-1998-ൽ അംഗീകരിച്ചതാണ്. ആയതു നടപ്പാക്കുന്നതിനുള്ള നടപടികൾ 1998 നവംബർ മുതൽ തുടങ്ങിയിട്ടുണ്ട്. വൈദ്യുതി നയത്തിൽ പ്രതിപാദിച്ചിട്ടുള്ള ഉത്പാദനം, പ്രസരണ, വിതരണ മേഖലകളിലെ പ്രോഫിറ്റ് സെന്ററുകൾ 1/4/2000 മുതൽ ഘട്ടംഘട്ടമായി പ്രവർത്തിച്ചു തുടങ്ങുന്നതാണ്.

(ബി) ബോർഡിന്റെ ഇക്വിറ്റി ഫണ്ടിന്റെ 16% റിട്ടേൺ വൈദ്യുതി ബോർഡിന് ലഭ്യമാക്കണമെന്നാണ് വൈദ്യുതി നയത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) വൈദ്യുതി നയത്തിൽ പറഞ്ഞ പ്രകാരമുള്ള റിട്ടേൺ കൈവരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

1. വൈദ്യുതി ഉല്പാദനവും, അതുവഴി വിതരണവും (വൈദ്യുതി വില്പന) വർദ്ധിപ്പിക്കുക.
2. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക.
3. വിദ്യുച്ഛക്തി മോഷണം തടയുക.
4. കൂടിശ്ശികയായിട്ടുള്ള കറന്റ് ചാർജ്ജ് തുക യഥാസമയം പിരിച്ചെടുക്കുക.
5. കേടായ മീറ്ററുകൾ യുദ്ധകാലാടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

6. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുക.

7. ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

8. ഗവൺമെന്റ് പ്രഖ്യാപിക്കുന്ന സബ്സിഡികൾ അതാതു വകുപ്പുകൾ തന്നെ വഹിക്കുക.

9. പാഴ്ചെലവുകൾ കർശനമായി തടയുക.

സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പുന:സംഘടിപ്പിക്കുവാൻ നിർദ്ദേശം

11 (*41) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ഡോ .എം. എ. കുട്ടപ്പൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിഭജിക്കാനോ പുന:സംഘടിപ്പിക്കാനോ ഉള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പുന:സംഘടന സംബന്ധിച്ച്എസ്.എൻ.സി. ലാവ്ലീൻ കമ്പനി എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) വൈദ്യുതി ബോർഡ് വിഭജിക്കുവാനുദ്ദേശമില്ല. സർക്കാരിന്റെ വൈദ്യുതി നയത്തിന്റെ അടിസ്ഥാനത്തിൽ പുന:സംഘടനയ്ക്കുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) സർക്കാരിന്റെ വൈദ്യുതി നയത്തിൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ വൈദ്യുതി ബോർഡിൽ ഉല്പാദനം, പ്രസരണം, വിതരണം എന്നീ പ്രവർത്തന മേഖലകൾക്ക് പ്രത്യേകം പ്രത്യേകം പ്രോഫിറ്റു സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. പൊതുമേഖലയിലുള്ള ബോർഡിന്റെ ഭാഗമായിത്തന്നെ പ്രവർത്തിക്കുന്നവയാണ് ഈ ലാഭകേന്ദ്രങ്ങൾ. വിതരണ പ്രോഫിറ്റ് സെന്ററിന്റെ കീഴിൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങൾ ആസ്ഥാനമാക്കി 3 റീജിയണൽ പ്രോഫിറ്റ് സെന്ററുകൾ ഉണ്ടാവും. ഓരോ പ്രോഫിറ്റ് സെന്ററിന്റേയും നേതൃത്വം ബന്ധപ്പെട്ട ബോർഡ് മെമ്പറിനായിരിക്കും.

(സി) എസ്.എൻ.സി. ലാവലിൻ കമ്പനി നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന് സമർപ്പിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly